## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6254

08-07-2014- ൽ മറുപടിക്ക്

# ബേപ്പൂർ തുറമുഖ വികസനത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കുമോ; | (എ) ബേപ്പൂർ തുറമുഖ വികസനത്തിനായി Detailed Project Report തയ്യാറാക്കുന്നതിലേയ്ക്കായി കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസിനെ കൺസൾട്ടന്റായി നിയമിച്ചു. അവർ തയ്യാറാക്കിയ DFR അംഗീകരിച്ചിരുന്നു. ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. ചാലിയം ഭാഗത്തുള്ള ഭൂമി പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട കപ്പൽ രൂപകൽപനാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മാറ്റി വച്ചതിനാൽ തുറമുഖ വികസനത്തിനായി പ്രൊപ്പോസൽ ലഭിച്ചില്ല. പഴയ വാർഫിനും ഫിഷിംഗ് ഹാർബറിനും ഇടയിൽ വാർഫ് നിർമ്മിക്കുന്നതിന് ലക്ഷദ്വീപ് ഭരണകൂടവുമായി കരാർ ഒപ്പുവച്ചിട്ടുണ്ട്. പുതിയ വാർഫിന് പടിഞ്ഞാറ് വശം ഒരു വാർഫ് നിർമ്മിക്കുന്നതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തുവാൻ നിയോഗിച്ചിട്ടുള്ള പ്രൊഫസർ സുന്ദർ വടിവേലു, ഐഐ.ടി ,ചെന്നൈ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് നിന്ന് കണ്ടെയ്നർ ചരക്ക് ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കപ്പൽ ചാനലിന്റേയും ബേസിന്റേയും ആഴം 5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു. |

കൂടാതെ ബേപ്പൂർ തുറമുഖ വികസനത്തി നായി ചുവടെ പ്രവർത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ഓപ്പൺ ഗോഡൗൺ നവീകരണം - 10.70 ലക്ഷം
2. സെക്യൂരിറ്റി ചെക്കിംഗ് റൂം ടവർ നവീകരണം - 41.50 ലക്ഷം
3. ചുറ്റുമതിൽ ISPS കോഡ് പ്രകാരം - 25.26 ലക്ഷം
4. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്
5. പുതിയ കെട്ടിടം നിർമ്മാണം - 73.95 ലക്ഷം
6. വിവിധ അറ്റകുറ്റപ്പണികൾ - 26.56 ലക്ഷം
7. വേ ബ്രിഡ്ജ് സ്ഥാപിക്കൽ - 23 ലക്ഷം

| | |
|---|---|
| (ബി) തുറമുഖ വികസനത്തിനായി എന്ത് തുക 2011 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ബി) 1023.46 ലക്ഷം രൂപ |

**സെക്ഷൻ ഓഫീസർ**